ഡോ. ജോർജുതോമസ്: ഈ അത്യാഹിതത്തിൽ മരണമടഞ്ഞവർക്ക് ഈ ഗവൺമെൻറ് ആയിരംരൂപയും സോവിയറ്റ് എംബസി രണ്ടായിരം രൂപയുമാണു കൊടുത്തത്. ഈ തുക വളരെ അപര്യാപ്തമാണെന്നതു പരിഗണിച്ചു അവർക്കു കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: ഗവൺമെൻറിന് അതു പരിഗണിക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഈവക സംഗതികളുണ്ടാകുന്ന അവസരത്തിൽ മറ്റുപ്രകാരത്തിലുള്ള പ്രതിഫലസംഖ്യ കിട്ടാനുള്ള അർഹതയെപ്പറ്റി തീരുമാനമെടുക്കുന്നതിനു മുൻപ് അടിയന്തിര സഹായം എത്തിക്കണമെന്നുള്ളതുകൊണ്ടാണ് ഇങ്ങനെ ചെയ്യുന്നത്. ഇതുവരെ പരമാവധി കൊടുത്തിട്ടുള്ളത് ആയിരം രൂപയാണ്. കൂടുതൽ കൊടുത്തിട്ടില്ല. കൊടുക്കാൻ സാധിക്കുമെന്നും തോന്നുന്നില്ല. അതേഅവസരത്തിൽ മരിച്ച ആളുകളുടെ കുടുംബാങ്ങൾക്ക് നിയമപ്രകാരം തന്നെ കിട്ടാനുള്ള അവകാശമുണ്ടെന്നുതോന്നുന്നു. അതേപ്പറ്റി പരിശോധിച്ചാൽ ഉള്ളതാണെങ്കിൽ നടപടിയെടുത്താൽ തീർച്ചയായിട്ടും അവർക്ക് കിട്ടും.

ശ്രീ. പി. പി. ജോർജ്: ഒരു വിദേശ എംബസിയുടെ കോൺസുലർ ആഫീസുകളോ വ്യാപാരകേന്ദ്രങ്ങളോ പ്രവർത്തിക്കാത്ത ഒരു സ്റ്റേറ്റിന്റെ തലസ്ഥാനത്തു സാംസ്കാരിക കേന്ദ്രങ്ങൾ പ്രവർത്തിക്കരുത് എന്ന് ചട്ടം നിലവിരിക്കേ അമേരിക്കൻ കേന്ദ്രങ്ങളുടെ ഈ രണ്ടു ആഫീസുകളും ഇല്ലാത്ത തിരുവനന്തപുരത്ത് എന്തുകൊണ്ടാണ് ഇങ്ങനെയൊരു കോൺസുലർ കേന്ദ്രം തുടർന്നു പ്രവർത്തിക്കുന്നത് എന്നുള്ളതു പറയാമോ?

ശ്രീ. സി. അച്യുതമേനോൻ: ഈ ചോദ്യം എന്നോടു ചോദിക്കേണ്ടതല്ല; കേന്ദ്രഗവൺമെൻറിനോടു ചോദിക്കേണ്ടതാണ്.

Mr. Speaker. This is a policy of the Central Government, not ours.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അമേരിക്കയുടെ ഒരു സാംസ്കാരിക കേന്ദ്രം പ്രവർത്തിക്കുന്നതു എന്നുള്ളതുകൊണ്ടു റഷ്യയുടെയും ഒരു സാംസ്കാരികകേന്ദ്രം പ്രവർത്തിക്കാൻ അനുവദിക്കുമോ എന്നു നമ്മുടെ ഗവൺമെൻറു ഇൻഡ്യാഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: അമേരിക്കൻ സാംസ്കാരികകേന്ദ്രം നിലവിലുള്ള സ്ഥിതിക്കു സോവിയറ്റു സാംസ്കാരികകേന്ദ്രം അനുവദിക്കാതിരിക്കുന്നതു ശരിയല്ലെന്നുപറഞ്ഞുകൊണ്ടു കേന്ദ്രഗവൺമെൻറിനു എഴുതിയിരുന്നു. പക്ഷേ ഇപ്പോഴും കേന്ദ്ര ഗവൺമെൻറു നിലവിലുള്ള അമേരിക്കൻ സാംസ്കാരികകേന്ദ്രംകൂടി അടച്ചുപൂട്ടണമെന്നു ഉത്തരവിട്ടിട്ടുണ്ട്. മേയ് 1-ാം തീയതി അടച്ചുപൂട്ടണമെന്നു നോട്ടീസുകൊടുത്തിട്ടുള്ളതായിട്ടാണ് ഞാൻ അറിയുന്നത്.

மொழிசிறுபான்மையினர் குறைகள்

* 135. [482] **ஸ்ரீ. என். கணபதி:** கீழ் காணும் விஷயங்களுக்கு முதன் மந்திரி அவர்கள் விடை பகர்வார்களாக:

(எ) 1667-ம் ஆண்டு முதல் 1969-ம் ஆண்டுவரை இம்மாநில சர்க்கார் மொழிசிறுபான்மையினருக்குச் செய்துள்ள காரியங்களைக்குறித்து தயாரிக்கப்பட்டுள்ள றிப்போர்ட்டு சபை முன் சமர்ப்பிக்கப்பட்டதா;

LIBRARY ARCHIVES Kerala Legislative Assembly

(பி) சமர்ப்பிக்கப்பட்டதாயின் அத்துடன் அதுபற்றிய நடவடிக்கைகள் நிறுத்தப்படுமா அல்லது இந்த பட்ஜட் கூட்டத்தொடரில் அது பற்றி சபையில் விவாதிக்க அவசரம் நல்கப்படுமா;

(ஸி) இந்தப் பிரச்னையின் முக்கியத்துவம் கருதி, இந்த றிப்போர்ட் பற்றி குறைந்தது 2-மணி நேரமாவது இந்த பட்ஜெட் கூட்டத்தொடரிலேயே ஒதுக்கி சபையில் சர்ச்சை செய்ய சந்தர்ப்பம் கொடுக்கப்படுமா?

Chief Minister (**Shri C. Achutha Menon**):

(a) Yes.

(b) and (c) Government will have no objection in discussing the report. This will be decided in consultation with the Leader of the House in due Course.

ശ്രീ. എൻ. ഗണപതി: സർ, നമതുഗവർമെൻട് ഗോജലിഗ കൊൾഗഗളീ കടപ്പിടിപ്പതാഗ സൊൽലിക്കൊൺടും മുതലാളിത്തുവ നാടാന അമെരിക്കാവിലിരുന്തു നമതു കേരളത്തിറ്കു അരിസി കൊൺടുവരുവതൈ നിറുത്തവേൺടും എൻറു മത്തിയ സർക്കാരുക്കു സിഫാർസു ചെയ്യപ്പടുമാ?

ശ്രീ. സി. അച്യുതമേനോൻ: ഇവിടെ മൂന്നു റിപ്പോർട്ടുകളുണ്ട്. ഒന്നു, 1963 ജൂണിൽ സമർപ്പിച്ച റിപ്പോർട്ട്. മറൊന്നു 1–7–1963 മുതൽ 30–6–1967 വരെയുള്ള റിപ്പോർട്ട്. അതിനുശേഷം 1–7–1969 മുതൽ 30–7–1969 വരെയുള്ള റിപ്പോർട്ട്. അതു ബഹുമാനപ്പെട്ട ഗണപതി പറയുന്നതുപോലെ വെറും പേപ്പർ റിപ്പോർട്ടുമാത്രമല്ല. ഓരോ സംഗതികളെസംബന്ധിച്ചും ശുപാർശകളെസംബന്ധിച്ചും എന്തെല്ലാം നടപടികളെടുത്തു, എടുക്കാൻസാധിച്ചില്ലെങ്കിൽ അതിനുള്ള കാരണം എന്താണു എന്നുകൂടി വിശദീകരിക്കുന്ന റിപ്പോർട്ടുകളാണവ.

ശ്രീ. എൻ. ഗണപതി: സർ, നമതു കേരളത്തിൽ തമിഴർഗളിൻ ജനത്തൊകൈ 20 ലക്ഷമാകും. മലയാളികളുക്കു അടുത്ത സ്ഥാനം വകിപ്പവർ തമിഴർകൾ. അപ്പടിയിരുന്തും റിപ്പോർട്ടിൽ കൂറുകിറ പല ഉത്തരവുകൾപടി യാതൊരു പിരതിനിത്തുവമും കൊടുക്കപ്പടവില്ലൈ എൻപതു സർക്കാർ പരിശീലനൈ ചെയ്യുമാ?

മി. സ്പീക്കർ: തമിഴും നേരേചൊവ്വേ അല്ല പറയുന്നത്.

ശ്രീ. സി. അച്യുതമേനോൻ: ഞാൻ മറുപടി പറയാം. ബഹുമാനപ്പെട്ട മെംബർ ഏതു ശുപാർശയെസംബന്ധിച്ചാണു പറഞ്ഞതെന്നു എനിക്കറിയുകയില്ല. അതുകൊണ്ട് അതു വെരിഫൈചെയ്യാൻ സാധിച്ചിട്ടില്ല. ഏതായാലും ഇങ്ങനെയുള്ള പരാതികളെപ്പറ്റി പരിശോധിക്കാൻ ഗവൺമെൻറു തയ്യാറായിരിക്കും. അതിനുവേണ്ട നടപടികളും സ്വീകരിക്കാം.

ശ്രീ. എൻ. ഗണപതി: സർ, കഴിഞ്ഞ ബഡ്ജറ്റ്സെഷനിൽ രണ്ടു മണിക്കൂർ ഡിസ്കഷനു ലീഡർ ഓഫ് ദി ഹൗസ് സമ്മതിച്ചോ എന്തോ ഇവിടെ ഡിസ്കഷൻ നടത്തി. അതുപോലെ ഈ ബഡ്ജറ്റ്സെഷനിലും അതെപ്പറ്റിയുള്ള ഡിസ്കഷൻ അനുവദിക്കാൻ ലീഡർ ഓഫ് ദി ഹൗസോ ചീഫ് മിനിസ്റ്ററോ വേണ്ട ശുപാർശചെയ്യുമോ സർ?

Mr. Speaker: That is for the committee to decide.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. മാധവൻനായർ: നമ്മടെ സംസ്ഥാനത്തുള്ള ഭാഷാന്യൂന പക്ഷങ്ങളുടെ സംരക്ഷണത്തെ പ്രതിപാദിച്ചുകൊണ്ടുള്ള റിപ്പോർട്ടു ഇംഗ്ലീഷുഭാഷയിലാണു പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇവിടെയുള്ള ഭാഷാ ന്യൂനപക്ഷങ്ങൾക്കു അവരവരുടേതായ ഭാഷയിൽ അവ അച്ചടിച്ചു വിതരണംചെയ്യുന്നതിന്—പ്രത്യേകിച്ചും തമിഴിലും കർണ്ണാടകത്തിലും— നടപടിസ്വീകരിക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: തീർച്ചയായിട്ടും ചെയ്യാം. അച്ചടിച്ചു കൊടുത്തിട്ടുണ്ടെന്നാണു തോന്നുന്നത്. ഇല്ലെങ്കിൽ ഉടൻ ചെയ്യാം.

ശ്രീ. എൻ. കണപതി: *സർ, கடந்த பட்ஜெட் கூட்டத்தொடரில் திரு. குஞ்சு அவர்கள் நிதிமந்திரியாய் இருந்தபோது பட்ஜெட் பிரசங்கம் தமிழில் அச்சடித்து கொடுக்கப்பட்டது. தற்போது நிதிமந்திரியாய் இருக்கும் திரு. சேஜன் அவர் களுக்கு தமிழ் தெரிந்திருந்தும்கூட பட்ஜெட் பிரசங்கம் தமிழில் இதுவரையும் கிடைக்கவில்லை. உடனடி கிடைக்க தக்க ஏற்பாடு செய்யப்படுமா?*

ശ്രീ. എൻ. കെ. ശേഷൻ: സർ, ബഡ്ജറ്റു പ്രസംഗത്തിന്റെ തമിഴിലുള്ള വിവർത്തനം ബഹുമാനപ്പെട്ട മെംബർക്കു ഉടൻതന്നെ ലഭിക്കു ന്നതാണ്.

ശ്രീ. പി. കുഞ്ഞൻ: സർ, ഈ സംസ്ഥാനത്തു തമിഴ് മാത്രമല്ല മറ്റു പല ഭാഷകളും സംസാരിക്കുന്നവരുമുണ്ട്. ഓരോരോ ഭാഷ സംസാ രിക്കുന്നവർക്കും അവരുടെ ഭാഷയിൽ അച്ചടിച്ചുവിതരണം ചെയ്യണമെന്നാണോ ഉദ്ദേശിക്കുന്നത്, ഭാഷാന്യൂനപക്ഷങ്ങളെ കേരളത്തിൽനിന്നു തുടച്ചു മാറ്റണമെന്നാണോ ഉദ്ദേശിക്കുന്നത ?

ശ്രീ. സി. അച്യുതമേനോൻ: പ്രധാനമായി തമിഴും കർണ്ണാടകവും ന്യൂനപക്ഷഭാഷകളായി അംഗീകരിച്ചിട്ടുണ്ട്. അതു സംസാരിക്കുന്നവർക്കും ഏറ്റവും കൂടുതൽ സൗകര്യങ്ങൾ കൊടുക്കണമെന്ന് ഗവൺമെൻറ് അംഗീകരി ക്കുകയും ചെയ്തിട്ടുണ്ട്.

ഭൂമി പതിവ്

* 136. (433) ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള:
,, ജെ. കമാലിയാസ് മൊറായിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം ഭൂമി ഇല്ലാത്ത ജനങ്ങൾക്ക് ഭൂമി പതിച്ചുകൊടുക്കാൻ എന്തെല്ലാം നടപടികളും സ്വീകരിച്ചിട്ടുണ്ട്;

(ബി) ഹരിജനങ്ങളും മൽസ്യബന്ധനക്കാരും പൊതുവെ ഭൂമി ഇല്ലാത്ത ജനവിഭാഗമാണെന്നു ഗവൺമെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(സി) മേൽപ്പറഞ്ഞ ഓരോ വിഭാഗത്തിനും എത്ര ഏക്കർ ഭൂമിവീതം പതിച്ചു കൊടുത്തിട്ടുണ്ട്;

(ഡി) ഹരിജനങ്ങൾക്കും മൽസ്യബന്ധനക്കാർക്കും പതിച്ചുകൊടു ക്കുന്നതിന് എത്ര ശതമാനം ഭൂമി പ്രത്യേകമായി നീക്കിവച്ചിട്ടുണ്ട്?

റവന്യൂമന്ത്രി (ശ്രീ. കെ. ടി. ജേക്കബ്):

(എ) ഭൂവിതരണവും സ്ഥിരം പട്ടയം നൽകലും ത്വരിതപ്പെടു ത്തുന്നതിന് റവന്യൂഅധികാരികൾക്കു വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly